പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4968 | 14.11.2019 -ൽ മറുപടിയ്ക്ക്

**മാവേലിക്കര താലൂക്ക് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ. രാജേഷ് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) മാവേലിക്കര താലൂക്ക് ഓഫീസ് കെട്ടിടം പഴക്കമേറിയതും സ്ഥല പരിമിതികൾ ഉള്ളതുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | മാവേലിക്കര താലൂക്ക് ഓഫീസ് കെട്ടിട പുനർനിർമ്മാണം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) എങ്കിൽ പ്രസ്തുത താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) പ്രസ്തുത താലൂക്കാഫീസിന്റെ കെട്ടിട നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | PWD കെട്ടിട വിഭാഗം മുഖേന 5 കോടി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട നിർമ്മാണത്തിനും ഫർണ്ണീച്ചർ മുതലായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ